പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 204

07/02/2019 - ൽ മറുപടിക്ക്

# കെയർ ഹോം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.കെ. ഹരീന്ദ്രൻ<br>ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ. പി.വി. അൻവർ<br>ശ്രീ. യു. ആർ. പ്രദീപ് | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പമന്ത്രി) |

| | | | |
|---|---|---|---|
| എ) | സഹകരണ വകുപ്പ് ഭവന നിർമ്മാണ മേഖലയിൽ നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ അറിയിക്കുമോ; | എ) | പ്രളയ ദുരന്തത്തിന്റെ ഭാഗമായി സഹകരണ വകുപ്പ് നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതിയാണ് 'കെയർഹോം'. കെയർഹോം പദ്ധതിയിൽ ഉൾപ്പെടുത്തി 2000 വീടുകളാണ് ഒന്നാം ഘട്ടമായി സംസ്ഥാനത്തൊട്ടാകെ നിർമ്മിച്ച് നൽകുന്നത്. വീട്ടിൽ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഉൾക്കൊള്ളിച്ചാണ് നിർമ്മാണം പൂർത്തിയാക്കുന്നത്. ഓരോ ഗുണഭോക്താവിനും അവരുടെ വിഹിതം, വീട്ടു നിർമ്മാണത്തിനായി നൽകുന്ന തുകയ്ക്ക് പുറമെ ഉപയോഗിക്കാവുന്ന- താണ്. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുമുള്ള തുക ഉൾപ്പെടെ ആകെ 5 ലക്ഷം രൂപയാണ് വീട് നിർമ്മാണത്തിന് അനുവദിക്കുന്നത്.<br>ഗുണഭോക്താക്കളെ നിശ്ചയിച്ചിട്ടുള്ളത് റവന്യൂ വകുപ്പിലൂടെ ജില്ലാ കളക്ടർമാർ ലഭ്യമാക്കുന്ന ലിസ്റ്റിൽ നിന്നാണ്. പ്രാഥമിക സഹകരണ സംഘങ്ങളുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത് .<br>കെയർഹോം പദ്ധതി നടപ്പിലാക്കുന്നതിന് വിശദമായ മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.<br>കെയർഹോം പദ്ധതിയുടെ കീഴിൽ വീടുകൾ നിർമ്മിച്ച് നൽകുന്നതിലേക്കായി ബന്ധപ്പെട്ട ജില്ലാ |

| | | | |
|---|---|---|---|
| | | | കളക്ടർമാർ, വീടിന്റെ നിർമ്മാണം ഏറ്റെടുത്ത് നടപ്പിൽ വരുത്തുന്നതിനായി തെരഞ്ഞെടുത്ത സഹകരണ സംഘം, ഗുണഭോക്താവ് എന്നിവർ ചേർന്ന് ജില്ലാ സഹകരണ ജോയിന്റ് രജിസ്ട്രാർ, ഡെപ്യൂട്ടി കളക്ടർ (ഡിസാസ്റ്റർ മാനേജ്മെന്റ്) എന്നിവരെ സാക്ഷികളാക്കി നിർമ്മാണ ധാരണാപത്രം (MoU) ഒപ്പ് വയ്ക്കേണ്ടതാണ്. പ്രസ്തുത ധാരണാപത്രത്തിൽ ജില്ലാ കളക്ടർമാർ, നിർവ്വഹണ ഏജൻസി, ഗുണഭോക്താവ് എന്നിവരുടെ ഉത്തര- വാദിത്വം വ്യക്തമായി നിർവ്വചിച്ചിട്ടുണ്ട്. ധാരണാപത്രത്തിന്റെ കരട് സർക്കാർ പ്രത്യേകം പ്രസിദ്ധീകരിച്ചിട്ടുണ്ട്.<br>കെയർഹോം പദ്ധതി അടിയന്തിരമായി ഏറ്റെടുത്ത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്<br>കെയർഹോം പദ്ധതി പ്രകാരം ഒന്നാം ഘട്ടത്തിൽ സംസ്ഥാനത്തൊട്ടാകെ നിർമ്മിക്കുന്ന 2000 വീടുകളിൽ 1800 ഗുണഭോക്താക്കളുടെ പട്ടിക റവന്യൂ വകുപ്പിൽ നിന്ന് നാളിതുവരെ ലഭ്യമായിട്ടുണ്ട്. നിലവിൽ 1555 ഗുണഭോക്താക്കൾ ധാരണാപത്രത്തിൽ ഒപ്പു വയ്ക്കുകയും അവരിൽ 1447 പേർ തറക്കല്ലിടീൽ നടത്തുകയും ചെയ്തിട്ടുണ്ട്. 1374 ഗുണഭോക്താ ക്കൾക്ക് വീടുകളുടെ പ്ലാനുകൾ അംഗീകരിച്ച് നൽകിയിട്ടുണ്ട്. 1307 ഗുണഭോക്താക്കൾ അടിസ്ഥാന നിർമ്മാണം പൂർത്തീകരിക്കുകയും അവരിൽ 343 പേർ ലിൻഡൽ ലെവൽ വരെ പണി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ 172 പേർ വീടുകളുടെ കോൺക്രീറ്റ് (വാർക്ക) നടത്തിക്കഴിഞ്ഞു. നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിത ഗതിയിൽ നടന്നു വരുന്നു. |

| | | | |
|---|---|---|---|
| | | | സഹകരണ സംഘങ്ങൾ അവയുടെ നിയമാവലിയ്ക്കും ഉപനിബന്ധനങ്ങൾക്കും വിധേയമായി ഭവന നിർമ്മാണത്തിനും ഭവനങ്ങൾ വാങ്ങുന്നതിനും വായ്പ അനുവദിക്കുന്നു. കൂടാതെ വീട് പുതുക്കലിനും അറ്റകുറ്റപ്പണികൾക്കും വായ്പ നൽകി വരുന്നു. ഹൗസിംഗ് സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള പ്രാഥമിക സഹകരണ സംഘങ്ങൾ പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്ക്, ഹൗസ് ഫെഡ് എന്നിവിടങ്ങളിൽ നിന്നും അംഗങ്ങൾക്ക് ഭവന വായ്പ അനുവദിക്കുന്നു. പ്രാഥമിക സഹകരണ സംഘങ്ങളിൽ/ ബാങ്കുകളിൽ ഒരാൾക്ക് 10 മുതൽ 15 വരെ വർഷകാലാവധിയിൽ പരമാവധി 25 ലക്ഷം രൂപയും പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളിൽ 15 വർഷ കാലാവധിയിൽ 20 ലക്ഷം രൂപയും വീട് പുതുക്കി പണിയുന്നതിന് 7 വർഷ കാലാവധിക്ക് 5 ലക്ഷം രൂപയും ജില്ലാ സഹകരണ ബാങ്കുകളിൽ 15 വർഷ കാലാവധിക്ക് പരമാവധി 25 ലക്ഷം രൂപയും സംസ്ഥാന സഹകരണ ബാങ്ക് 15 വർഷ കാലാവധിക്ക് 40 ലക്ഷം രൂപയും ഭവന വായ്പ നൽകി വരുന്നു. വായ്പക്കാരന്റെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും, മദ്ധ്യ വരുമാന വിഭാഗങ്ങളിൽ ഉള്ളവർക്കും യഥാക്രമം 12%, 12.5% പലിശ നിരക്കിൽ പുതിയ വീട് നിർമ്മിക്കുന്നതിന് 15 ലക്ഷം രൂപയും വീടിന്റെ അറ്റകുറ്റപ്പണികൾക്കായി പരമാവധി 7.5 ലക്ഷം രൂപയും ഹൗസിംഗ് |

| | | | |
|---|---|---|---|
| | | | ഫെഡറേഷൻ ഭവന വായ്പയായി നൽകി വരുന്നു.<br>തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സർക്കാർ നടപ്പിലാക്കി യിട്ടുള്ള ഇ.എം.എസ് ഭവന വായ്പാ പദ്ധതിയിലും ഇന്ദിര ആവാസ് യോജന പദ്ധതിയിലും ഭവനശ്രീ പദ്ധതിയിലും സഹകരണ സംഘങ്ങൾ വായ്പ നൽകി പങ്കാളിത്വം വഹിക്കുന്നു. |
| ബി) | പ്രളയബാധിതർക്ക് വീടുകൾ നിർമ്മിച്ച് നൽകുന്ന കെയർ ഹോം പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ? | ബി) | തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പ വരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്.<br>സഹകരണ വകുപ്പ് നടപ്പിലാക്കുന്ന കെയർഹോം പദ്ധതി റവന്യൂ വകുപ്പ്, തദ്ദേശ സ്വയം ഭരണ വകുപ്പ് എന്നിവയുടെ സഹകരണത്തോടെയാണ് നടപ്പാക്കുന്നത്. പദ്ധതിയുടെ നയരൂപീകരണം നടത്തു ന്നതിനും, മാർഗ്ഗ നിർദ്ദേശം നൽകുന്നതിനും, പദ്ധതി വിശകലനം ചെയ്യുന്നതിനുമായി സഹകരണ വകുപ്പ് സെക്രട്ടറി കൺവീനറായി, സംസ്ഥാന തല ഉപദേശക സമിതി രൂപീകരിച്ചിട്ടുണ്ട്. ടി സമിതിയിൽ തദ്ദേശ സ്വയം ഭരണ അഡീഷണൽ ചീഫ് സെക്രട്ടറി ഒരു അംഗമാണ്. പദ്ധതി നിർവ്വഹണത്തിന്റെ, മേൽനോട്ടം വഹിക്കു ന്നത് സംസ്ഥാന തല പദ്ധതി നിർവ്വഹണ യൂണിറ്റാണ്.<br>പദ്ധതി നടപ്പാക്കുന്നതിന്റെ നേരിട്ടുള്ള മേൽനോട്ടം വഹിക്കുന്നത് ജില്ലാ കളക്ടർ, സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ, ജോയിന്റ് ഡയറക്ടർ (ആഡിറ്റ്), പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പ്രാഥമിക സംഘങ്ങളുടെ 2 പ്രതിനിധികൾ തുടങ്ങിയവർ ഉൾപ്പെടുന്ന ജില്ലാതല നിർവ്വഹണ സമിതിയാണ്.<br>സംസ്ഥാനതല പദ്ധതി നിർവ്വഹണ യൂണിറ്റ് അംഗീകരിച്ച നൽകുന്ന സഹകരണ സ്ഥാപനങ്ങളിലൂടെയാണ് പദ്ധതി നിർവ്വ ഹണം നടപ്പിലാക്കുന്നത്. നിർമ്മാണത്തിൽ സുതാര്യതയും, |

| | | | |
|---|---|---|---|
| | | | ജനകീയ പങ്കാളിത്തവും ഉറപ്പ് വരുത്തുന്നതിനായി ഗുണഭോക്തൃസമിതികൾ രൂപീകരിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനം ഏറ്റെടുത്ത് നടത്തുന്ന സഹകരണ സംഘത്തിന്റെ പ്രസിഡന്റ്, സെക്രട്ടറി, ഒരു ഭരണസമിതി അംഗം, ഗുണഭോക്താവ്, ബന്ധപ്പെട്ട പഞ്ചായത്തിന്റെ പ്രതിനിധി, ജില്ലാ കളക്ടറുടെ പ്രതിനിധി എന്നിവർ ടി കമ്മിറ്റിയിൽ അംഗങ്ങളാണ്.<br><br>ഭവനനിർമ്മാണത്തിന് ആവശ്യമായ നിർമ്മാണ സാമഗ്രികൾ സ്വരൂപിക്കുന്നതിന് അധികമായി വേണ്ടുന്ന തുക സമാഹരിക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും സഹകരണ സംഘങ്ങളുടെയും സഹകരണവും സേവനങ്ങളും ഗുണഭോക്തൃ സമിതിയ്ക്ക് ലഭിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ